പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4109 — 25/06/2014 ൽ മറുപടിയ്ക്ക്

## ജലസേചന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നവീകരണ പദ്ധതികൾ നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം പദ്ധതിയുടെ അടിസ്ഥാനത്തിൽ മൂന്ന് ജലസേചന പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി. ഒരു പദ്ധതി പൂർത്തീകരിക്കുകയും രണ്ട് പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. ഇതു കൂടാതെ ഈ സാമ്പത്തികവർഷം 8 പദ്ധതികൾക്ക് കൂടി കേന്ദ്രസഹായത്തോടെ നവീകരണം നടത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു.<br>കനാലുകളുടെ നവീകരണത്തിനായി AIBP (ERM), 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, മിർപ്പ എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി പ്രവർത്തികൾ നടത്തിവരുന്നു. AIBP (ERM) ലും 14-ാം ധനകാര്യ കമ്മീഷൻ അവാർഡിലും ഉൾപ്പെടുത്തുന്നതിനായി പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. ഇതിനു പുറമേ ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ അനുവദിക്കുന്ന തുകയുപയോഗിച്ച് അണക്കെട്ടിന്റെയും കനാലുകളുടേയും വാർഷിക അറ്റകുറ്റപണികൾ നടത്തുന്നുണ്ട്.<br>13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയ്ക്ക് അനുസൃതമായി ചീഫ് എഞ്ചിനീയർ, പദ്ധതിവിഭാഗം II കീഴിലുള്ള ചാലക്കുടി റിവർ ഡൈവർഷൻ സ്കീം, പമ്പാജലസേചന പദ്ധതി, പെരിയാർവാലി ജലസേചന പദ്ധതി എന്നിവയിൽ വരുന്ന കനാലുകളുടെ പുനരുദ്ധാരണ പണികൾ നടത്തുകയുണ്ടായി.<br>സംസ്ഥാനത്തെ ജലസേചന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)ൽ ഒന്നാംഘട്ടമായി പീച്ചി ഡാമിന്റെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസരിച്ച് പീച്ചി ജലസേചന പദ്ധതിയുടെ അണക്കെട്ടുകളിലും കനാലുകളിലും നവീകരണ പ്രവൃത്തികൾ ചെയ്യാറുണ്ട്. |

| | |
|---|---|
| (ബി) കേരളത്തിലെ വിവിധ ജലസേചന പദ്ധതികളുടെ സേവനം കൂടുതൽ സ്ഥലങ്ങളിലേക്ക് ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) കേരളത്തിലെ ജലസേചന പദ്ധതികളുടെ സേവനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ജലസേചനം കാര്യക്ഷമവും വ്യാപകവുമാക്കുന്നതിനായി കാഡ പദ്ധതിയിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കി വരുന്നു.<br>ചിറ്റൂർ ഡിവിഷനുകീഴിൽ മൂലത്തറ Right Bank Canal ch: 159.57 മുതൽ 221.47 (കോരയാർ മുതൽ വരട്ടയാർ വരെ) വരെയുള്ള ദീർഘിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ